ശ്രീ. കെ. കുഞ്ഞൻ: പൈപ്പുകൾ ഇട്ടതിന്റെ രണ്ടുമൂന്നു കൊല്ലം കഴിഞ്ഞിട്ടും വാട്ടർ സപ്ലൈ നടത്താതിരുന്ന സ്കീമുകൾ എത്രയുണ്ട് ; മണ്ണാക്കാട്ട് ഇങ്ങനെ പൈപ്പ് ഇട്ടതിന്നിട്ടും വെള്ളം കിട്ടുന്നില്ല എന്നറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എത്രയെണ്ണമാണെന്നസംഖ്യ കൃത്യമായി പറയാൻ നിവൃത്തിയില്ല. മണ്ണാക്കാട്ട് രണ്ടു കൊല്ലം കഴിഞ്ഞിട്ടും തീരുമാനമുണ്ടാകാത്തതിനെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. ഇ. പി. ഗോപാലൻ : പാലക്കാട്ട ജില്ലയിൽ ആർ. ഡബ്ലിയു. എസ്. സ്കീം പ്രകാരം പെരുന്തൽമണ്ണ വാട്ടർസപ്ലൈക്ക ഒരു സ്കീം ഉണ്ടായിരുന്നു. അതിന്റെ നില എന്തായി ? അതു പൂർത്തിയാക്കിവച്ചു എന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പൂർത്തിയായും നിറുത്തിവച്ചു എന്നു പറയുന്നതു് ശരിയല്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ എട്ടര ലക്ഷത്തോളം രൂപയുടെ എസ്റ്റിമേറാണു് തയ്യാറാക്കിയിട്ടുള്ളതു്. ഈ കൊല്ലത്തെ അലോട്ടുമെന്റിൽ സംഖ്യ ഇല്ലാത്തതുകൊണ്ടു് തൽക്കാലം പണി ആരംഭിക്കാൻ സാധ്യമല്ല.

ശ്രീ. ഇ. പി. ഗോപാലൻ : എന്നുവച്ചാൽ ഇക്കൊല്ലം അലോട്ടു ചെയ്യാൻ നിവൃത്തിയില്ലെന്നാണോ ഈ സ്കീം ഗവണ്മെന്റിന്റെ പരിഗണനയിലാണോ, അതോ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ടപ്പോൾ പരിഗണിക്കാമെന്ന നിലയിലാണോ നിൽപ്പു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എന്നുള്ള നിലയിലാണു്.

ശ്രീ. ഓ. കോരൻ : വാട്ടർ സപ്ലൈ ഹൗസ് കണക്ഷൻ കൊടുക്കുന്നതിനെപ്പറ്റി വല്ല നിർദ്ദേശവുമുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എല്ലാ സ്ഥലത്തും കൊടുക്കാൻ സാധ്യമല്ല. എക്സസ് ഉള്ള സ്ഥലങ്ങളിൽ പഞ്ചായത്തുകൾ പരിശോധിച്ചു് ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങളിൽ ഹൗസ് കണക്ഷൻ കൊടുക്കാൻ ശ്രമിക്കുന്നുണ്ടു്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

* 855. [21] † ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടു് ;

(ബി) കാഞ്ഞിരപ്പുഴ (ആലുവാ താലൂക്കു്) ലിഫ്റ്റ് ഇറിഗേഷൻ എന്നത്തേക്കു് പണി ആരംഭിക്കും ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ) ഇക്കൊല്ലം 9 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടു്.

(ബി) കാഞ്ഞിരപ്പുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കു് ആവശ്യമുള്ള സ്ഥലം പൊന്നംവിലയ്ക്കെടുത്തു് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചശേഷമേ പണി ആരംഭിക്കാൻ സാധിക്കയുള്ളു. സ്ഥലം പൊന്നംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 1964–65–ൽ പ്രസ്തുത ലിഫ്റ്റിറിഗേഷൻ പദ്ധതിയുടെ പണി ആരംഭിക്കുവാൻ സാധിക്കുമെന്നാണു് പ്രതീക്ഷ.

† Put by Shri M. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly